8868
2217/15

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീ.എം.ഗോപാലൻ മുതൽ പേർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ. (Ekm)781/2014 നമ്പർ കേസിന്റെ 12/12/2014-ലെ ഉത്തരവിന്മേൽ തീർപ്പുകല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ**(സാധാ) നം.325/2015/വനം തീയതി,തിരുവനന്തപുരം,17/07/2015.

പരാമർശം:1.ശ്രീ.ഗോപാലൻ മു.പേരുടെ 20/08/2014 ലെ അപേക്ഷ (Annexure10)

2.ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (Ekm)781/20114 നമ്പർ കേസിലെ 12/12/2014-ലെ ഉത്തരവ്

<u>ഉത്തരവ്</u>

വനം വകുപ്പിൽ വർഷങ്ങളായി ആനപാപ്പാൻമാരായി ജോലി നോക്കി വരുന്ന തങ്ങളെ സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് ശ്രീ.എം ഗോപാലൻ മുതൽ പേർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 781/2014 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസിൻമേൽ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാർ സർക്കാരിനു സമർപ്പിച്ചിരിക്കുന്ന പരാമർശം 1 (Annexure A10) അപേക്ഷ പരാതിക്കാരെ നേരിൽക്കേട്ട് 3 മാസത്തിനകം തീർപ്പാക്കുന്നതിന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരായ ശ്രീ.ഗോപാലൻ മുതൽ പേരെ 06/04/2015-ൽ സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

2. വനം വകുപ്പിൽ വർഷങ്ങളായി താൽക്കാലികാടിസ്ഥാനത്തിൽ ആനപാപ്പാൻമാരായി ജോലി നോക്കുന്ന തങ്ങൾക്ക് സ്ഥിരം ജോലി നൽകണമെന്നും തങ്ങളുടെ താൽക്കാലിക സർവ്വീസ് റഗുലറൈസ് ചെയ്ത് ആനുകൂല്യങ്ങൾ നൽകണമെന്നുമായിരുന്നു പ്രധാന ആവശ്യം. വനം വകുപ്പിൽ നിലവിൽ ആനപാപ്പാൻമാരുടെ നിയമനത്തിന് സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ വർഷങ്ങളായി ജോലി നോക്കുന്ന തങ്ങളെ സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടെന്നുമാണ് പരാതിക്കാർ അപേക്ഷിച്ചിട്ടുള്ളത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാലും, ചട്ടങ്ങൾ അനുവദിക്കാത്തതിനാലും ശ്രീ.ഗോപാലൻ മുതൽ പേരുടെ പരാമർശം 1 പ്രകാരമുള്ള (Annexure A10) അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

4. പരാമർശം രണ്ടിലെ ഉത്തരവ് മേൽ പ്രസ്താവിച്ച പ്രകാരം നടപ്പിലാക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
ശ്രീ.ഗോപാലൻ,, ആനക്യാമ്പ് കോളനി, മുത്തങ്ങ,വയനാട്
ശ്രീ.രവീന്ദ്രൻ, പാതിയിൽ ആറ്ററികത്തു പുത്തൻ വീട്, പുരവിമല, കാരിക്കുഴി.പി.ഒ, അമ്പൂരി, തിരുവനന്തപുരം.
ശ്രീ.എസ്.ഭാർഗ്ഗവൻ,കുഴക്കുംകരവീട്, ഉത്തരംകോട്, കോട്ടൂർ.പി.ഒ, തിരുവനവന്തപുരം
ശ്രീ.ആർ.കൃഷ്ണൻ, സുജിത് വിലാസം, കരടിമുക്ക്, ഭരതന്നൂർ.പി.ഒ, തിരുവനവന്തപുരം
ശ്രീ.കെ.സോമരാജൻ, തോട്ടരികത്തുവീട്, തേവിയാൽകുന്ന്, പറണ്ടോട്.പി.ഒ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ